**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1929** **12-09-2023 - ൽ മറുപടിയ്ക്ക്**

**മിഠായി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. പ്രേംകുമാർ** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | മിഠായി പദ്ധതി പ്രകാരം ലഭിക്കുന്ന ആനുകൂല്യങ്ങളും അവ ലഭിക്കാനുള്ള മാനദണ്ഡങ്ങളും വ്യക്തമാക്കാമോ; | (എ) | ടൈപ്പ് 1 പ്രമേഹം ബാധിച്ച കുട്ടികൾക്കും കൗമാരക്കാർക്കും പരിചരണം നൽകുന്നതിന് ആരംഭിച്ച സമഗ്ര സാമൂഹികാധിഷ്ഠിത പദ്ധതിയാണ് മിഠായി. പ്രസ്തുത പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് സൗജന്യ ചികിത്സയും മരുന്നും (ഇൻസുലിൻ) മറ്റ് ചികിത്സ ഉപകരണങ്ങളും (ഇൻസുലിൻ പേന, നീഡിൽ, ഗ്ലൂക്കോ മീറ്റർ, സ്ട്രിപ്പ്, ലാൻസെറ്റ്, കണ്ടിന്യൂസ് ഗ്ലൂക്കോസ് മോണിറ്ററിംഗ് സെൻസർ, ബ്രിട്ടിൽ ഡയബെറ്റീസ് ബാധിതർക്ക് ടെക്നിക്കൽ കമ്മിറ്റി പരിശോധിച്ച് അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് ഇൻസുലിൻ പമ്പ്) എന്നിവ മിഠായി ക്ലിനിക്കുകൾ മുഖേന നൽകി വരുന്നു.<br><br><u>പദ്ധതി മാനദണ്ഡം :</u><br><br>ഗുണഭോക്താവ് 18 വയസ്സിന് താഴെയുള്ളവരായിരിക്കണം<br><br>അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം 2 ലക്ഷം രൂപയിൽ താഴെയായിരിക്കണം.<br><br>അപേക്ഷകൻ/രക്ഷിതാവ് കേരളത്തിൽ സ്ഥിര താമസക്കാരനായിരിക്കണം.<br><br>ടൈപ്പ് 1 പ്രമേഹം രോഗ നിർണയവും പ്രോജക്ടിന് കീഴിൽ ശുപാർശ ചെയ്യപ്പെട്ട തെറാപ്പി ഷെഡ്യൂളും സംബന്ധിച്ച് ഒരു എംപാനൽഡ് ഡോക്ടർ സാക്ഷ്യപ്പെടുത്തിയിരിക്കണം.<br><br>തെറാപ്പി ആരംഭിക്കുന്നതിന് മുമ്പ് കുട്ടിയുടെ മാതാപിതാക്കളുടെ അറിവോടെയുള്ള സമ്മതപത്രത്തിൽ ഒപ്പിടാൻ തയ്യാറായിരിക്കണം.<br><br>റസിഡൻഷ്യൽ പ്രമേഹ ക്യാമ്പുകൾ ഉൾപ്പെടെയുള്ള നിർബന്ധിത പരിശീലനത്തിന് കുട്ടിയുടെ മാതാപിതാക്കൾ തയ്യാറാകണം. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പദ്ധതി പ്രകാരമുള്ള സേവനം പാലക്കാട് ജില്ലയിലെ ഏതെങ്കിലും ആശുപത്രിയിൽ ലഭ്യമാണോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ? | (ബി) | പാലക്കാട് ജില്ലയിൽ ''വുമൺ ആൻഡ് ചൈൽഡ്'' ആശുപത്രിയിലാണ് മിഠായി പദ്ധതിയുടെ സാറ്റലൈറ്റ് സെന്റർ പ്രവർത്തിച്ചുവരുന്നത് . |

സെക്ഷൻ ഓഫീസർ